സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 29.09.2014.

നം. ഇ5 - 41525/13 (1)

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ദീർഘകാല അവധികളിൽ പ്രവേശിക്കുന്ന ജീവനക്കാരെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നത് - സംബന്ധിച്ച്:

സൂചന :-

ദീർഘകാല അവധി അനുവദിക്കപ്പെട്ട് അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരിൽ ചിലർ, അനുവദിക്കപ്പെട്ട അവധിയുടെ കാലാവധി കഴിഞ്ഞതിനു ശേഷവും തിരികെ ജോലിയിൽ പ്രവേശിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. അവധി കാലാവധി അവസാനിച്ചതിനു ശേഷവും തിരികെ ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാരുടെ പേരുവിവരം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാത്തതിനാൽ ടി ജീവനക്കാർക്കെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിക്കുവാൻ കഴിയാതെ വരികയും ആയത് സർക്കാരിന്റെ വിമർശനത്തിന് ഇടയാക്കുകയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ചകൾ ഒഴിവാക്കുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ കീഴ്കാര്യാലയങ്ങളിലും സേവനമനുഷ്ഠിച്ചു വരവെ ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പേരു വിവരം, അവധി കാലാവധി, തിരികെ ജോലിയിൽ പ്രവേശിക്കേണ്ട തീയതി എന്നിവയുൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതത് കാര്യാലയമേധാവികൾ ആയത് പരിശോധിക്കേണ്ടതുമാണ്.

2. ദീർഘകാല അവധിയിൽ പ്രവേശിച്ച ജീവനക്കാരെ മറ്റൊരു കാര്യാലയത്തിലേയ്ക്ക് മാറ്റി നിയമിച്ചതായുള്ള ഉത്തരവ് ലഭ്യമാകാത്ത പക്ഷം ടി ജീവനക്കാരുടെ പേര് ഹാജർ പുസ്തകത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടില്ല. ഹാജർ പുസ്തകത്തിലെ അവരുടെ പേരിന് നേരെ അവധി അനുവദിച്ച ഉത്തരവ് നമ്പരും, തീയതിയും രേഖപ്പെടുത്തി ഹാജർ പുസ്തകത്തിൽ നിലനിർത്തേണ്ടതാണ്.

3. അവധി കാലയളവ് ദീർഘിപ്പിക്കാതെ, അവധിയുടെ കാലാവധി അവസാനിച്ചതിനുശേഷവും ജോലിയിൽ തിരികെ പ്രവേശിക്കാത്ത ജീവനക്കാരുടെ പേര് വിവരം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം സാമൂഹ്യ നീതി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന കാര്യാലയ മേധാവികൾക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

GOVERNMENT OF KERALA

4. 2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെയും 2014 ൽ ശൂന്യവേതനാവധി കഴിഞ്ഞ് സർവ്വീസിൽ പുനഃപ്രവേശിക്കേണ്ട ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കി സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനുകൾ സൂക്ഷിക്കേണ്ടതാണ്.

for സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും.

<u>പകർപ്പ്:</u>

- E1 - E13

...ERNMENT OF KERALA